LIBRARY ARCHIVES Kerala Legislative Assembly

പരാതിയുമായി ചെന്ന ദളിത് സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ മർദ്ദിച്ച പരാതി

69 (4504) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല, ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ പനയറ ഇടവിള വീട്ടിൽ സുധർമ്മ, മുത്താന കാരുണ്യത്തിൽ ഗീത എന്നീ ദളിത് സ്ത്രീകളെ വർക്കല പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നപ്പോൾ അകാരണമായി മർദ്ദിച്ച് വർക്കല ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ച സംഭവം സംബന്ധിച്ചുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതി സംഗതികളെപ്പറ്റി വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വർക്കല പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഊർജ്ജിത അന്വേഷണം നടന്നുവരികയാണ്.

മണക്കാട് പ്രദേശത്തെ സാമൂഹ്യവിരുദ്ധശല്യം

70 (4505) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ മണക്കാട് പ്രദേശത്ത് സാമൂഹ്യവിരുദ്ധരുടെ ശല്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണക്കാട് ഇരുംകുളങ്ങരയിൽ 8-7-2003-ന് രാത്രി ക്രിസ്റ്റഫറിന്റെ ബൈക്ക് തീവെച്ച് നശിപ്പിക്കുകയും ഭാര്യയുടെ സ്കൂട്ടർ നശിപ്പിച്ച് രേഖകൾ മോഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രതികളിലാരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) കേസിന്റെ അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ക്രിസ്റ്റഫറിനും കുടുംബത്തിനും മതിയായ സംരക്ഷണം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച് പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം 103/03 നമ്പരായി വകുപ്പ് 435/ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.